കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/187/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി :28.05.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-12,1-15,1-23 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്

പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/187/2020 തീയ്യതി 28.05.2020

# കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 14.07.2018 മുതൽ 11.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 19 എണ്ണം നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ .എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-02-2020 മുതൽ 26-02-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫിസർ |
| | ശ്രീമതി.ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ.എം | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.കെ.ടി. നസീർ | 01-4-2018 മുതൽ 02-08-2018 വരെ |
| | ശ്രീമതി.സഫീറ.എം | 03-08-2018 മുതൽ 12-09.2018 വരെ |
| | ശ്രീ.അനസ് .കെ.ടി | 13-09.2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.പ്രദീപ് കുമാർ.എം | 1-4-2018 മുതൽ 25-06-2018 വരെ |
| | ശ്രീ.എ.പി.ഗോപി,<br>അസി.സെക്ര.(ചാർജ്) | 26.06-2018മുതൽ 02-07-2018വരെ |
| | ശ്രീ.രതീഷ് .ജി.പി | 03-07-2018 മുതൽ 31-03-2019 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഡോ. ഷീബ പി.ടി | 1-4-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.വിഷ്ണു . പി സുധാകരൻ | 1-4-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ. ജവഹർ | 1-4-2018 മുതൽ |

| | | |
|---|---|---|
| | | 19-09-2018 വരെ |
| | ഡോ.നിത്യചാക്കോ | 20-09-2018മുതൽ31-03-2019വരെ |
| വി.ഇ.ഒ | ശ്രീ.ഗിരാജ്.എ | 1-4-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.മനു മാത്യു | 1-4-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുരളീധരന്പിള്ള. | 1-4-2018 മുതൽ 25-06-2018 വരെ |
| | ശ്രീ.എ.പി.ഗോപി | 26-06-2018മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | കമലാക്ഷി.ടി.കെ | 1-4-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(ജി,എ.ഡി) | ഡോ.അമ്മു.ബി.ബി | 1-4-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപാകങ്ങൾ | 1-12 |
| 13 | തൊഴിൽ നികുതി - അപാകങ്ങൾ | 1-13 |
| 14 | വസ്തുനികുതി അപാകങ്ങൾ | 1-14 |
| 15 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ- ചട്ടപ്രകാരമുള്ള നടപടിക്രമം പാലിച്ചില്ല. | 1-15 |
| 16 | ബസ് സ്റ്റാന്റ് പിരിവ് അപാകങ്ങൾ | 1-16 |
| 17 | പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം- നിർവ്വഹണത്തിൽ അപാകതകൾ - 12,750/- രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 18 | ഫാറൂക്ക് നഗർ ആലത്തൊടി റോഡ് പാച്ച് വർക്ക്,റീടാറിംഗ് - പ്രവൃത്തി നടപ്പിലാക്കിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-18 |
| 19 | അനുവദനീയമായ സമയപരിധിക്കപ്പുറം പ്രവൃത്തി ദീർഘിപ്പിച്ചത് മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ | 1-19 |
| 20 | കേരള നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകം | 1-20 |
| 21 | ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയിൻമേൽ ഈടാക്കിയ ജി.എസ്.ടി വിഹിതം ഒടുക്കിയില്ല. | 1-21 |
| 22 | സാന്ത്വന പരിചരണം-രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ് | 1-22 |
| 23 | ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നു | 1-23 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ഹാജരാക്കിയില്ല . | 1-24 |
| 25 | കശുമാവ് തൈ വിതരണം - മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല . | 1-25 |
| 26 | വാഴക്കന്ന് വിതരണം -പദ്ധതിയിൽ വിഭാവനം ചെയ്തതിനേക്കാൾ അധികം നൽകി. | 1-26 |
| 27 | പദ്ധതി രൂപീകരണം,നിർവ്വഹണം ,മോണിറ്ററിംഗ്- പരസ്യ ചാർജിനത്തിൽ അർഹമായ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. | 1-27 |
| 28 | തുടർ വിദ്യാഭ്യാസ പരിപാടി- രേഖകൾ ലഭ്യമാക്കിയില്ല ₹62950 | 1-28 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 29 | ശുചിത്വ മിഷൻ ഫണ്ട് - ചെലവ് രേഖകളുടെ അഭാവത്തിൽ 70000 രൂപ തടസ്സപ്പെടുത്തുന്നു . | 1-29 |
| 30 | സംസ്ഥാന ലൈഫ് ഇൻഷൂറൻസ് - തുക നിശ്ചിത നിരക്കിൽ ഈടാക്കിയില്ല | 1-30 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 31 | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 32 | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 38 | സ്ഥിര നിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 45 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, | അനുബന്ധം-2-1 |
| 46 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, | അനുബന്ധം-2-2 |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.2018തീയതിയിലെ 37/18 നം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22.02.2019 തീയതിയിലെ 16/19 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.2018-19 വർഷത്തെ ബജറ്റിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2025000 |
| വരവ് | 101967000 |
| ആകെ | 103992000 |
| ചെലവ് | 101294000 |
| നീക്കിയിരിപ്പ് | 2698000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.05.2019 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5587487 |
| വരവ് | 38941922 |
| ആകെ | 44529409 |
| ചെലവ് | 38406704 |
| നീക്കിയിരിപ്പ് | 6122705 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 7662000 | 7662000 | 7662000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR | 0 | 384000 | 384000 | 384000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 44000 | 44000 | 44000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5615000 | 5615000 | 5442575 | 172425 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2439404 | 340596 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 3556000 | 3556000 | 1914438 | 1641562 |
| സാക്ഷരത | | 1789 | 72 | 1861 | 0 | 1861 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 10032611 | 10032611 | 10032611 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1749 | 238721 | 240470 | 193455 | 47015 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 601498 | 396425 | 997923 | 545769 | 452154 |
| ടി.എസ്.സി | | 1800000 | 287000 | 2087000 | 1484557 | 602443 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2299812 | 2299812 | 2129833 | 169979 |
| | ജില്ലാ പഞ്ചായത്ത് | 0 | 561900 | 561900 | 561900 | 0 |
| ബി ഫണ്ട് | | 0 | 200760 | 200760 | 200760 | 0 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 4981406 | 6293288 | 11274697 | 7289096 | 3985598 |

* ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2018-19 വർഷം 4951000/-രൂപ ലഭിച്ചിട്ടുണ്ട്.തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 101 | 34051670 | 78 | 23639512 | 24 | 22 | 69.23 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 13 | 9 | 2759694 | 1764725 | 63.95 |
| കൃഷി ഓഫീസർ | 7 | 7 | 624608 | 606781 | 97.15 |
| വെറ്റിനറി സർജൻ | 8 | 7 | 2886800 | 2282500 | 79.07 |
| വി.ഇ.ഒ | 4 | 3 | 5535000 | 4715133 | 85.19 |
| അസി.എഞ്ചിനിയർ | 58 | 41 | 17780818 | 10479464 | 58.94 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 2892000 | 2403009 | 83.09 |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 2 | 2 | 860000 | 675150 | 78.51 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 2 | 2 | 700000 | 700000 | 100 |
| അസി.സെക്രട്ടറി | 1 | 1 | 12750 | 12750 | 100 |
| ആകെ | 101 | 78 | 34051670 | 23639512 | 69.42 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 8758070 | 7662000 | 87.49 |
| എസ്.സി.പി | 384000 | 384000 | 100 |
| ടി.എസ്.പി | 44000 | 44000 | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4426048 | 1914438 | 43.25 |
| കേന്ദ്രാവിഷ്കൃതം | 1140000 | 295769 | 25.94 |
| സംസ്ഥാനാവിഷ്കൃതം | 2362500 | 0 | 0 |
| തനത് ഫണ്ട് | 307801 | 130311 | 42.34 |
| | | | |

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2384400 | 2129833 | 89.32 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 561900 | 561900 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 6475724 | 5442575 | 84.05 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 4051000 | 2439404 | 60.22 |
| മറ്റുള്ളവ | 3156227 | 2635282 | 83.49 |
| ആകെ | 34051670 | 23639512 | 69.42 |

2018-19 വർഷം ഫണ്ട് വിനിയോഗത്തിൽ നല്ലരീതിയിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.എന്നാൽ വർഷാവസാനം ബില്ലുകൾ ട്രഷറിയിൽ ഹാജരാക്കുവാൻ ഉണ്ടായ കാലതാമസം കാരണം 21.55ലക്ഷം രൂപ ക്യൂബില്ലിൽ ഉൾപ്പെടുകയും തുക ചെലവഴിക്കാൻ സാധിക്കാതെ തൻവർഷം പാഴാവുകയും ചെയ്തു.ധനകാര്യകമ്മീഷൻ ഗ്രാന്റ് 16,41,562/-രൂപയും, റോഡ് സംരക്ഷണഗ്രാന്റ് 1,72,425/-രൂപയും,സംരക്ഷണഗ്രാന്റ് (നോൺറോഡ്) 3,40,596/-രൂപയും ചേർന്ന് ആകെ 21,54,583/-രൂപ പഞ്ചായത്തിന് നഷ്ടമായി.നഷ്ടപ്പെട്ട തുകയിൽ 19ലക്ഷം രൂപയും അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിലെ തുകയാണ്.സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാഞ്ഞാൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ ജാഗ്രതക്കുറവ് മൂലം ഫണ്ട് വിനിയോഗത്തിൽ വന്ന കുറവ് വീണ്ടും സംഭവിക്കാതിരിക്കുന്നതിന് പരിഹാരനടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൌത്യം. എന്നാൽ 2018-19 വർഷം പഞ്ചായത്തിലെ ആസൂത്രണസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ലയെന്ന് യോഗ മിനിട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു.മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ അനിവാര്യമായ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ മിനിട്സുകളുടെ പരിപാലനം കുറ്റമറ്റരീതിയിലാവേണ്ടതുണ്ട്. 13 വാർഡുകളിലും ഗ്രാമ സഭകൾ 3 തവണ വീതം ചേർന്നിട്ടുണ്ട്. എന്നാൽ ചേർന്ന ഗ്രാമസഭകളിൽ വേണ്ടത്ര ജനപങ്കാളിത്തം ഉണ്ടായിട്ടില്ല. ക്വാറം തികയാതെയും ഗ്രാമ സഭ ചേർന്നിട്ടുണ്ട്. (ഉദാ: വാർഡ് 9 – ക്വാറം വേണ്ടത് 88 ആളുകൾ – എന്നാൽ പങ്കെടുത്തത് 84 പേർ മാത്രം – ക്രമ നമ്പർ തെറ്റിച്ച് എഴുതിയത് കാണുക)

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ 2018-19 വർഷം

മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തൽ നടത്തിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും പലതിലും കമ്മിറ്റി അംഗങ്ങൾ ഒപ്പ് വച്ചിട്ടില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. പ്രോജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽക്കൊണ്ടുവരുന്നു.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1749 | 238721 | 240470 | 193455 | 47015 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10032611 | 10032611 | 10032611 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 50760 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 1221200 | 97 |
| വിധവാപെൻഷൻ | 7543600 | 597 |
| വാർദ്ധക്യകാലപെൻഷൻ | 8596400 | 657 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 2446300 | 187 |
| 50 വയസ്സ് തികഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 39600 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,616/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണ നിർവഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും എല്ലായ്പ്പോഴും അവലോകനം നടത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ മറ്റുമേഖലകളിലെ പ്രവർത്തനങ്ങൾ കാര്യമായി വിലയിരുത്തപ്പെടുന്നില്ല. യോഗത്തിന്റെ അജണ്ടകൾ എന്തൊക്കെയാണെന്ന് മിനിട്സിൽ എഴുതിച്ചേർക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ടവിധം ഇടപെടലുകൾ നടത്തുന്നതായി കണ്ടില്ല. ഒരോ മാസവും കൂടുന്ന യോഗത്തിൽ നികുതി പിരിവ് അവലോകനം കാര്യമായി ചർച്ച ചെയ്യപ്പെടുന്നില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം,അതിന്റെ നടത്തിപ്പ്,ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ, സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും എന്നിവ നിരന്തരം വിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്. മാസാന്ത്യ വരവ് ചെലവുകൾ എല്ലാ മാസവും പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൊതുവെ നല്ലരീതിയിൽ നടന്നുവരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2019 | നവംബർ 2019 | 16.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.08.2003 | 1997- 98 – 2002-03 | 27.11.2003 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1)ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി R.P. 40(b) പ്രകാരമുള്ള നീക്കിയിരിപ്പും ബാലൻസ് ഷീറ്റ് ബി.4 പട്ടിക പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമുണ്ട്.

2)ജലനിധി - രസീത് & പേയ്മെന്റ് പ്രകാരമുള്ള നീക്കിരിപ്പ് (RP – 40b) മുന്നിരിപ്പും വരവ് - ചെലവുമായും പൊരുത്തപ്പെടുന്നില്ല.

3)2018-19-ലെ വസ്തുനികുതിയിനത്തിൽ സഞ്ചയ ഡി.സി.ബി. പ്രകാരം 32,223/- രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റിനത്തിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-12 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 16.02.19 തീയതിയിലെ 16/19 നമ്പർ തീരുമാനത്തിൽ മേൽ ഉത്തരവ് പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിൽ 2018-19 വർഷം മുതൽ മുൻകാല പ്രബല്യത്തോടെ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.ആയതിന് 28.02.2019തീയ്യതിയിലെ 18/19(2)നം തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകാരവും നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസിനായുള്ള അപേക്ഷകളിൽ മൂലധനനിക്ഷേപത്തെക്കുറിച്ചുള്ള രേഖപ്പെടുത്തലുകൾ ഒന്നും ഇല്ലാത്തതിനാൽ 2018-19 വർഷം ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.ലൈസൻസ് ചട്ടം പ്രകാരം സാമ്പത്തിക വർഷം അവസാനിക്കുന്നതിന്റെ 30 ദിവസത്തിനകം ലൈസൻസ് പുതുക്കണം എന്നതിനാൽ 2018-19 വർഷം മുൻകാല പ്രബല്യത്തിൽ മേൽ തീരുമാനം നടപ്പിലാക്കിയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന്(9/18.02.20) മറുപടിയായി 2018-19 വർഷം ലൈസൻസ് കണക്കാക്കിയത് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണെന്നും ഭരണസമിതി തീരുമാനം ഉണ്ടായത് 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലായതിനാലാണ് മുൻകാല പ്രാബല്യം നൽകുവാനിടയായതെന്നും നിലവിലെ അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.ഇത് തൃപ്തികരമായ മറുപടിയല്ല .ഓഡിറ്റ് വർഷം ലൈസൻസ് കണക്കാക്കിയത് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ആയത് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതായിരുന്നു.എന്നാൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ 2018 -19 വർഷം ലൈസൻസ് ഇനത്തിൽ ഈടാക്കിയ തുക കൃത്യമാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

2018-19 വർഷം എഫ്.ടി ഇ & ഒ.എസ് ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ വിവരം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ(ലൈസൻസ് രജിസ്റ്റർ പ്രകാരം) | വാർഡ് നം/ കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 417 | 1/50,51 | അറഫാത്ത് കെ.കെ | നസാഹ ഹോട്ടൽ |
| 423 | 3/347 | കെ.വി വേണുഗോപാലൻ | മോഡേൺ അലൂമിനിയം ഫാബ്രിക്കേഷൻ |
| 430 | 3/338 | മുകുന്ദൻ കെ | ന്യൂ ഹോട്ടൽ |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്(9/18.02.20) മറുപടിയായി 2018-19 സാമ്പത്തിക വർഷം ട്രേഡേഴ്സ് ലിസ്റ്റ് ഉണ്ടാക്കുന്ന സമയത്ത് കുറേ സ്ഥാപനങ്ങൾ പൂട്ടിയിട്ട നിലയിലായിരുന്നെന്നും പിന്നീട് ലൈസൻസ് പുതുക്കാൻ വരികയാണുണ്ടായതെന്നും ആയതിനാലാകാം മേൽ സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാതെ പോയതെന്നും മേലിൽ ഇത്തരം അപാകത ആവർത്തിക്കില്ലെന്നുമാണ് അറിയിച്ചത്. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച 1907 കെട്ടിടങ്ങളുണ്ട് . എന്നാൽ 2018-19 വർഷം എഫ്.ടി .ഇ & ഒ. എസ് ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 502 ആണ്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-13 തൊഴിൽ നികുതി - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ, ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996 ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ൽ തൊഴിൽകരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും തരം തിരിക്കേണ്ട വിധവും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട തൊഴിൽനികുതിയും പ്രതിപാദിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2018-19 വർഷം എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത് കൃത്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ (ലൈസൻസ് രജിസ്റ്റർ പ്രകാരം) | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 42 | ഗ്ലോബൽ ഗ്ലാസ് & ഹാർഡ് വെയർ | 4 | 2500/- രൂപ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതിയാണോ, ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | തൊഴിൽനികുതിയാണോ എന്ന് വ്യക്തമല്ല |
| 59 | കെ.വി.പി എന്റർപ്രൈസസ് | 3 | 2000/- രൂപ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതിയാണോ, ജീവനക്കാരുടെ തൊഴിൽനികുതിയാണോ എന്ന് വ്യക്തമല്ല. |
| 96 | എ.സി അയ്യൂബ് | 1 | 1000(500+500)തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട് (118030101172,27.07.2018) ഈടാക്കാവുന്ന നികുതി സ്ലാബിൽ 500/- എന്ന നിരക്കില്ല. |
| 131 | വാസ്കോ ഫുഡ് പ്രോഡക്ട് | 5 | തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല. |
| 235 | കെ.പി ഷനോജ്,ചില്ല് കട | 4 | 1500(750+750) രൂപ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. |
| 270 | കെ.ഇ ജ്വല്ലറി വർക്ക്സ് | 3 | 1200(600+600)രൂപ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതിയാണോ, ജീവനക്കാരുടെ തൊഴിൽനികുതിയാണോ എന്ന് വ്യക്തമല്ല |
| 272 | ഗ്രാന്റ് റാഹത്ത് റസ്റ്റോറന്റ് | 5 | 1200(600+600) രൂപ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. |
| 339 | സ്പാ സലൂൺ | 2 | 360(180+180)രൂപ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. |
| 389 | ഓട്ടോമോബൈൽ വർക്ക് ഷോപ്പ് | 3 | 600(300+300)രൂപ തൊഴിൽനികുതി |

| | | | |
|---|---|---|---|
| | | | ഈടാക്കിയിട്ടുണ്ട്. |
| 413 | സഹിജ എം | 2 | 360(180+180) രൂപ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. |

മേൽ  സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽനികുതി റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | തസ്തിക | കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക/ രശീത് നമ്പർ | കുറവ് |
|---|---|---|---|---|---|---|---|
| സൌത്ത് ഇന്ത്യൻ ബാങ്ക് | ബേസിൽ സൈമൺ | ക്ലർക്ക് | ഒന്നാം അർദ്ധവർഷം | 148608 | 1250 | 1000/ 118030500009/ 4.9.2018 | 250 |
| സൌത്ത് ഇന്ത്യൻ ബാങ്ക് | ശ്രീന.പി സുഗതൻ | ക്ലർക്ക് | ഒന്നാം അർദ്ധവർഷം | 148608 | 1250 | 1000/ 118030500009/ 4.9.2018 | 250 |
| കെ.എസ്.എഫ്.സി | രമേശൻ സി | പി.ടി.എസ് | 1,2 അർദ്ധവർഷം | 75480<br>75480 | 750<br>750 | 450/ 118030101838/ 31.8.2018, 450/118030104515, 27.02.2019 | 300+300=600 |
| ഗീത പി | ഗ്രാമന്യായാലയം, ഇരിക്കൂർ | പി.ടി.എസ് | ഒന്നാം അർദ്ധവർഷം | 61960 | 600 | 450/ 118030102252/ 4.9.2018 | 150 |
| | | | | | | ആകെ | 1250 |

കുറവ് വന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

3.തൊഴിൽനികുതി റിട്ടേണിലെ ജീവനക്കാരുടെ വിവരങ്ങളും രജിസ്റ്ററിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം(രജിസ്റ്റർ പ്രകാരം) | ജീവനക്കാരുടെ എണ്ണം(റിട്ടേൺ പ്രകാരം) | കാലയളവ് |
|---|---|---|---|
| ഇസ്ലാഹി ഇംഗ്ലീഷ് മീഡിയം സ്കൂൾ | 34 | 39 | ഒന്നാം അർദ്ധവർഷം |

തൊഴിൽനികുതി രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

4. താഴെ പറയുന്ന ജീവനക്കാരിൽ നിന്നും ഓഡിറ്റ് വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരന്റെ പേര് | തസ്തിക | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | അഗ്രി. അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് | മായ പി പി | ലീഡ്സ് ഫീൽഡ് അസിസ്റ്റന്റ് | ഒന്നാം അർദ്ധവർഷം | ഫണ്ട് അലോട്ട്മെന്റ് കിട്ടാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2 | അഗ്രി. അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് | ശ്രീജ എൻ | അഗ്മാർക്ക് ഡാറ്റാകലക്ടർ | “ | “ |
| 3 | കെ.എസ്.ഇ.ബി ഇരിക്കൂർ | ശ്രീനിവാസൻ. പി | സീനിയർ സൂപ്രണ്ട് | “ | 30.06.2018 ന് വിരമിച്ചു |

മേൽ ജീവനക്കാരിൽ നിന്നും(ക്രമ നമ്പർ 1,2 എന്നിവർക്ക് ഫണ്ട് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക്) തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

5. തൊഴിൽനികുതി റിട്ടേൺ പരിശോധിച്ചതിൽ നിന്നും ഓരോ അർദ്ധവർഷത്തിലും പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യതിന് ശേഷം നിരവധി ജീവനക്കാർ സ്ഥലം മാറ്റം കിട്ടിപ്പോയിട്ടുണ്ട്. ടി ജീവനക്കാർ ആ കാലയളവിലെ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. പഞ്ചായത്തിന്റെ പരിധിയിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർമാർ, അംഗൻവാടി വർക്കർമാർ,ഹെൽപ്പർമാർ എന്നിവരിൽ നിന്ന് 2018-19വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (10/19.02.20) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# 1-14 വസ്തുനികുതി അപാകങ്ങൾ

1.എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയസോഫ്റ്റ്വെയറിൽ തെറ്റായി പാർപ്പിടമെന്നാണ് രേഖപ്പെടുത്തിയത്.

| ക്രമനം ലൈസൻസ് രജിസ്റ്റർ പ്രകാരം | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 65 | 3/134 | അബ്ദുൾ റസാഖ് | വാട്ടർ സർവ്വീസ് സ്റ്റേഷൻ |
| 124 | 9/37 | മൊയ്തീൻകുട്ടി | അലൂമിനിയം,സ്റ്റീൽ പാത്രങ്ങൾ വിൽപ്പന |

മേൽ അപാകം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 19/25.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ഒക്കുപ്പൻസി തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെ കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനത്തിന്റെ വിവരം സഞ്ചയസോഫ്റ്റ്വെയറിൽ ലഭ്യമല്ല

| ക്രമനം | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 170 | 9/191 | സജീർ പി പി | തുണി കച്ചവടം |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 19/25.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം സഞ്ചയയിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളുണ്ടെങ്കിൽ അവയെ കണ്ടെത്തി നികുതി

ഈടാക്കുന്നതിനുള്ള അടിയന്തിരനടപടി കൈക്കൊള്ളേണ്ടതാണ്.

# 1-15 പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ- ചട്ടപ്രകാരമുള്ള നടപടിക്രമം പാലിച്ചില്ല.

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 07.03.2019 തീയതിയിലെ 19/2019 നമ്പർ ശുപാർശ, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.3.2019 ലെ തീരുമാനം നമ്പർ 26/19 എന്നിവ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 2019-20 ലെ വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 9/84 | സുബൈദ |
| 2 | 9/170 എ | അബ്ദുള്ള |
| 3 | 1/189 | കെ.പി മറിയം |
| 4 | 1/202 | പ്രസിഡണ്ട് ,ഫാറൂഖ് പള്ളി |
| 5 | 2/262- 2/266 | കേളോത്ത് സവിത |
| 6 | 1/205,1/206 | ഫാത്തിമ |
| 7 | 1/246 | സുഹറ |
| 8 | 2/57-2/61 | അബ്ദുൾ സലിം |
| 9 | 6/241 | കെ മഹമ്മൂദ് |
| 10 | 10/57 | ടി ബാലൻ |

സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ നിന്നുംമേൽ കെട്ടിടങ്ങൾക്ക് 2018 ഒന്നാം അർദ്ധവർഷം മുതൽ തന്നെ നികുതി ഒഴിവാക്കിയിട്ടുണ്ട്(ക്രമനമ്പർ 1 ഒഴികെ). കൂടാതെ ഇതിൽ ക്രമനമ്പർ 1 ഒഴികെയുള്ള വ്യക്തികൾ നികുതി ഒഴിവാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ലഭ്യമാക്കിയിട്ടില്ല. വാർഡ് ക്ലർക്കിന്റെ റിപ്പോർട്ട് മാത്രമാണ് ഫയലിലുള്ളത് .2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24(3) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിച്ചുകളയുകയോ ചെയ്യുകയാണെങ്കിൽ, കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിക്ക് ഒരു നോട്ടീസ് നൽകേണ്ടതും കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിച്ചുകളയുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ, അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാമായിരുന്ന വസ്തുനികുതി നൽകാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. എന്നാൽ ഇവിടെ അപ്രകാരം പ്രവർത്തിച്ചിട്ടില്ല. നികുതി ഒഴിവാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-16 ബസ് സ്റ്റാന്റ് പിരിവ് അപാകങ്ങൾ

1)ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.05.2018 തീയതിയിലെ 54/18(7) നമ്പർ തീരുമാനപ്രകാരം ബസ് സ്റ്റാന്റിൽ നിന്നും 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിൽ പിരിച്ചെടുത്ത യൂസർ ഫീസ് കൃത്യമായി പഞ്ചായത്ത് ഓഫീസിൽ ഒടുക്കാതെ ഗ്രാമപഞ്ചായത്തിന് നഷ്ടം വരുത്തിയ ശ്രീ.കൃഷ്ണൻ എന്നയാളിൽ നിന്നും വിശദീകരണം തേടാനും പഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കിയ 358145/- രൂപ 18% പിഴ പലിശയോടെ 15 ദിവസത്തിനകം തിരിച്ചടക്കുന്നതിനായി നോട്ടീസ് നൽകുന്നതിനും തീരുമാനിച്ചിരുന്നു.ശ്രീ കൃഷ്ണൻ ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ഭരണസമിതിയുടെ 12.06.2018 തീയതിയിലെ 63/18(4) നമ്പർ തീരുമാനപ്രകാരം ടിയാനെതിരെ സിവിൽ,ക്രിമിനൽ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.പഞ്ചായത്തിന് ലഭിക്കേണ്ട വലിയൊരു തുക നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് പഞ്ചായത്ത് ഭരണസമിതിക്ക് കൃത്യമായി ബോധ്യപ്പെട്ടിട്ടുള്ളതിനാൽ നഷ്ടത്തിനുത്തരവാദിയായ വ്യക്തിയിൽ നിന്നും തുക ഈടാക്കുന്നതിന് നിയമാനുസൃതമായ എന്ത് തുടർ നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്നും മേൽ വിഷയത്തിൽ നിലവിലെ സ്ഥിതി വിവരം അറിയിക്കുന്നതിനുമായി നൽകിയ അന്വേഷണത്തിന്(14/20.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

2)2018-19 വർഷം ബസ് സ്റ്റാന്റ് പിരിവിനായി കുറഞ്ഞ ദിവസകൂലി കോട്ട് ചെയ്ത(120/- per day)ശ്രീ അഷ്റഫ് എന്നയാളുടെ കൊട്ടേഷൻ അംഗീകരിച്ച് പിരിവിനായി നിയമിച്ചിട്ടുണ്ട്. എന്നാൽ മേൽ വ്യക്തിയുമായി കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ചമച്ചിട്ടില്ല.

3) കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കളക്ഷൻ തുകപഞ്ചായത്തിൽ ഒടുക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഒടുക്കിയ തുക (രൂപ) | പിരിച്ച തീയതി | ഒടുക്കിയ തീയതി |
|---|---|---|
| 3975 | 12.07.2018- 16.07.2018 | 16.07.2018 |

| | | |
|---|---|---|
| 3855 | 17.07.2018-21.07.2018 | 21.07.2018 |
| 12810 | 07.10.2018-26.10.2018 | 27.10.2018 |
| 8955 | 06.11.2018-21.11.2018 | 21.11.2018 |
| 4110 | 11.03.2019-17.03.2019 | 18.03.2019 |

4)ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ നോട്ടക്കുറവും ജാഗ്രതക്കുറവും കാരണം വർഷങ്ങളായി പഞ്ചായത്തിന് നഷ്ടപ്പെട്ടുകൊണ്ടിരുന്ന വരുമാന നഷ്ടം ആവർത്തിക്കാതിരിക്കുന്നതിന് പഞ്ചായത്ത് എന്തൊക്കെ സംവിധാനങ്ങളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നതിനായി നൽകിയ അന്വേഷണത്തിന് (14/20.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻപ് നിയോഗിച്ച വ്യക്തി കൃത്യമായി തുക ഒടുക്കുന്നില്ലെന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടും പുതിയ ആളെ നിയമിച്ചപ്പോഴും എഗ്രിമെന്റ് ഉണ്ടാക്കുകയോ കൃത്യമായി തുക ഒടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല .ബസ് സ്റ്റാന്റിലേക്ക് ദിവസേന പ്രവേശിക്കുന്ന ബസ്സുകളുടെ എണ്ണം എത്രയെന്ന് കണക്കാക്കി അതിനനുസൃതമായ തുക ദിവസേന പഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-17 പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം-നിർവ്വഹണത്തിൽ അപാകതകൾ - 12,750/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| പ്രോജക്ട് നം | 61/2019 |
| അടങ്കൽ | 9000/-വികസന ഫണ്ട് (എസ്.സി.പി).3750/- തനത്ഫണ്ട് |
| ചെലവ് | 12,750- |
| ബിൽനം | 1/18- 19 . തീയ്യതി.14.11.2018 - 9000/-<br>3750/- തനത്ഫണ്ട്. |

പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകകങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല.

1)പ്രോജക്ട് പ്രകാരം ആകെ മൂന്ന് പേർക്കാണ് കട്ടിൽ വാങ്ങി നൽകിയിട്ടുള്ളത്. ഇതിൽ ആനുകൂല്യം കൈപ്പറ്റിയ കല്യാണി എന്നവർ ആനുകൂല്യത്തിന് അർഹതയുള്ളതായി തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി ഗുണഭോക്താവിന്റെ അർഹത പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ആനുകൂല്യം നൽകിയത്.

2)ആവശ്യമുള്ള സാധനങ്ങളുടെ സാമ്പിൾ ലഭ്യമാക്കി ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് സാധനങ്ങൾ വാങ്ങിച്ചത്.

3)കട്ടിൽ നൽകാനായി ടെണ്ടർ സമർപ്പിച്ചവർ ഇതിനായി ഉപയോഗിക്കുന്ന മരം ഏതെന്നോ സ്പെസിഫിക്കേഷനോ ടെണ്ടറിൽ പറഞ്ഞിട്ടില്ല. ഈ സ്ഥിതിയിൽ രേഖപ്പെടുത്തിയ നിരക്കിനെ അടിസ്ഥാനമാക്കിമാത്രം തീരുമാനമെടുക്കാനാവില്ല എന്നതിനാൽ ഏത് മാനദണ്ഡം അനുസരിച്ചാണ് അബ്ദുൾ സലാം എന്നവരുടെ ടെണ്ടർ അംഗീകരിച്ചത് എന്ന് വ്യക്തമല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ ഇത് സംബന്ധിച്ച വിശദാംശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിച്ച സാധനങ്ങളുടെ ബില്ലിൽ മരത്തിന്റെ സ്പെസിഫിക്കേഷനോ ഇനമോ രേഖപ്പെടുത്തിയിട്ടില്ല.

4)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

5)പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15 തീയ്യതി :20-02-2020) സമർപ്പിച്ച മറുപടിയിൽ കല്യാണി എന്നവരിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കും എന്നും പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കട്ടിൽ വാങ്ങിച്ചതെന്നും സ്പെസിഫിക്കേഷൻ എഴുതാൻ വിട്ടുപോയതാണെന്നുമാണ് അറിയിച്ചത്. എന്നാൽ വാങ്ങിച്ച സാധനങ്ങൾ ഗുണനിലവാരം ഉള്ളതായിരുന്നുവെന്നും കട്ടിൽ ഏത് മരം കൊണ്ടാണ് നിർമ്മിക്കപ്പെട്ടതെന്നും തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ചെലവഴിച്ച 12,750/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-18 ഫാറൂക്ക് നഗർ ആലത്തൊടി റോഡ് പാച്ച് വർക്ക്,റീടാറിംഗ് - പ്രവൃത്തി നടപ്പിലാക്കിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് നം | 98/19 |
| പ്രോജക്ടിന്റെ പേര് | ഫാറൂക്ക് നഗർ ആലത്തൊടി റോഡ് പാച്ച് വർക്ക് ,റീടാറിംഗ് |
| കൺവീനർ | പുരുഷോത്തമൻ |
| | |

| | |
|---|---|
| അടങ്കൽ | 1,00,000/- മെയിന്റനൻസ് ഫണ്ട് - റോഡ് |
| ആകെ ചെലവ് | 87,767/-<br><br>ബിൽ നം.11/31.05.2018 |
| ആകെ പ്രവൃത്തിമൂല്യം | 87,767/- |
| കരാർ തീയ്യതി | തീ.14.03.2017 |
| പൂർത്തീകരണ കാലാവധി | രേഖപ്പെടുത്തിയിട്ടില്ല |
| പൂർത്തീകരിച്ച തീയ്യതി | 03.05.2018 |

മേൽ പ്രവൃത്തി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1) മേൽ പ്രവൃത്തി പൂർത്തീകരണത്തിന് കൃത്യമായ സമയം അനുവദിച്ചിട്ടില്ല.

2)പ്രവൃത്തി നടപ്പിലാക്കുന്നതിന് സാങ്കേതികാനുമതി ലഭിച്ചത് 31.03.2017 തീയ്യതിയിലാണ്.എന്നാൽ ഇതിന് മുന്നെതന്നെ കൺവീനറുമായി 14.03.2017 തീയ്യതിയിൽ കരാർ വച്ച് ഈ ദിവസം തന്നെ സൈറ്റ് കൈമാറിയത് തെറ്റായ നടപടിയാണ്.

3)2016-17 വർഷം ഏറ്റെടുത്ത പ്രവൃത്തി 2017-18 ലും പൂർത്തിയാക്കാതെ 2018-19 വർഷമാണ് പൂർത്തീകരിക്കുന്നത്.ഹാജരാക്കിയ മസ്റ്റർ റോളിൽ തൊഴിലാളികൾ 2018 ഏപ്രിൽ മാസമാണ് പ്രവൃത്തി തുടങ്ങുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്.ഏതാനും ആഴ്ചകൾ കൊണ്ട് പൂർത്തീകരിക്കാവുന്ന താരതമ്യേന ചെറിയ അടങ്കലിലുള്ള മേൽ പ്രവൃത്തി പൂർത്തകരിക്കുന്നതിന് ഇത്രയേറെ കാലതാമസമുണ്ടായിട്ടും ജി.ഒ(പി)നം. 13/2012/പി.ഡബ്ള്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം സമയം ദീർഘിപ്പിച്ച് നൽകുന്നതിന് കൺവീനർ അപേക്ഷ നൽകുകയോ ആയതിന് പഞ്ചായത്ത് അനുമതി നൽകുകയോ ചെയ്യാതെയും പിഴയൊന്നും ഈടാക്കാതെയും തുക അനുവദിച്ചത് ശരിയായ നടപടിയല്ല.

4)പ്രവൃത്തി നടപ്പിലാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8 തീയ്യതി :18-02-2020) സമർപ്പിച്ച മറുപടിയിൽ സാങ്കേതികാനുമതിക്ക് മുന്നെ കൺവീനറുമായി കരാർ വച്ചത് ക്ലറിക്കൽ അപാകം മൂലം സംഭവിച്ചതാണെന്നും സ്റ്റാഫിന്റെ അപര്യാപ്തതമൂലം ഫയൽ കുറ്റമറ്റതാക്കുന്നതിൽ പിഴവ് വന്നിട്ടുണ്ടെന്നുമാണ് അറിയിച്ചത്. യഥാർത്ഥത്തിൽ സംഭവിച്ച വീഴ്ചക്ക് വസ്തുതാപരമായി വിശദമായ മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഈ രീതിയിലുള്ള മറുപടി നിലനിൽക്കുന്നതല്ല എന്നും സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ഓരോ ഉദ്യോഗസ്ഥനും ബാദ്ധ്യത ഉണ്ടെന്നും സമയബന്ധിതമായി നടപ്പിലാക്കേണ്ട പ്രവൃത്തികൾ നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്നത് ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതുമാണ്. മോണിറ്ററിംഗ് റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 അനുവദനീയമായ സമയപരിധിക്കപ്പുറം പ്രവൃത്തി ദീർഘിപ്പിച്ചത് മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് നം | 89/19 |
| പ്രോജക്ടിന്റെ പേര് | അഴുക്ക് ചാലുകളുടെ ശുചീകരണം |
| കരാറുകാരൻ | അബ്ദുൾ അസീസ് |
| അടങ്കൽ | 1,54,991/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ആകെ ചെലവ് | 1,54,683/-<br>ബിൽ നം.20/20.12.2018 |
| ആകെ പ്രവൃത്തിമൂല്യം | 1,54,683/- |
| കരാർ തുക ,കരാർ തീയ്യതി | 1,54,683/- തീ.07.12.2017 |
| അനുവദിച്ച സമയം | 5 മാസം |
| പൂർത്തീകരിച്ച തീയ്യതി | 29.10.2018 |

ജി.ഒ(പി)നം .13/2012/പി.ഡബ്ള്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പിഴ ചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. യഥാർഥ പൂർത്തീകരണ കാലത്തിന്റെ 25% ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിൽ 25% വും പരമാവധി യഥാർഥ പൂർത്തീകരണ കാലത്തിന്റെ പകുതിയും കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. 2112.1 ഖണ്ഡിക പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ആദ്യ 25% കരാർതുകയുടെ 1% പിഴയും അടുത്ത 25% ന് കരാർതുകയുടെ 2% പിഴയും ഈടാക്കേണ്ടതാണ്.ഇപ്രകാരം കരാർതുകയുടെ ആകെ 3% തുക പിഴ ഈടാക്കിയാണ് കരാറുകാരന് ബില്ല് നൽകിയത്.

എന്നാൽ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ രേഖാമൂലം അപേക്ഷ നൽകിയതായോ ദീർഘീകരണത്തിന് അനുമതി നൽകിയതായോ കാണുന്നില്ല. ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികം സമയം ദീർഘീകരണം അനുവദനീയമല്ല എന്നിരിക്കെ മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ അനുവദനീയമായ സമയപരിധിക്കപ്പുറം പ്രവൃത്തി ദീർഘിപ്പിക്കുന്നത് ശരിയായ നടപടിയല്ല. പ്രവൃത്തി നടത്തുന്നതിന് കരാറുകാരന് സ്ഥലം കൈമാറുകയോ പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2തീയ്യതി :18-02-2020)ലഭ്യമാക്കിയ മറുപടിയിൽ സ്റ്റാഫിന്റെ അപര്യാപ്തതമൂലമാണ് ഈ അപാകങ്ങൾ

സംഭവിച്ചത് എന്നാണ് അറിയിച്ചത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ മരാമത്ത് ചട്ടത്തിൽ നിഷ്കർഷിച്ച പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ പ്രവൃത്തികൾ നിർവ്വഹണം നടത്താൻ പാടുള്ളൂ.

# 1-20 കേരള നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകം

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഈ ഇനത്തിൽ തൻവർഷം പഞ്ചായത്ത് തുക വസൂലാക്കിയിട്ടുണ്ടെങ്കിലും ചില ബില്ലുകളിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കിയ രീതിയിൽ അപാകം സംഭവിച്ചിട്ടുണ്ട്. ഏതാനും ബില്ലുകളിൽ നിന്നും പ്രവൃത്തിയുടെ ആകെ മൂല്യത്തിൽനിന്നും നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കേണ്ട തുകയും കളക്ഷൻ ചാർജ്ജും കൂടി ആകെ 1% ശതമാനം ഈടാക്കുകയും തുക തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കുകയുമാണ് ചെയ്തത്. അതേസമയം മറ്റുബില്ലുകളിൽ നിന്നും 1% ശതമാനം ക്ഷേമനിധി വിഹിതവും ഇതിന്റെ 1% ശതമാനം തുക കളക്ഷൻ ചാർജ്ജായും പ്രത്യേകം ഈടാക്കിയിട്ടുണ്ട്. തുടക്കത്തിൽ സംഭവിച്ച അപാകം ഇപ്പോൾ ആവർത്തിക്കുന്നില്ലെന്നും ക്ഷേമനിധി വിഹിതവും കളക്ഷൻ ചാർജ്ജും വെവ്വേറെ ഈടാക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ് ഈടാക്കുന്നതിലെ അപാകം ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-21 ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയിൻമേൽ ഈടാക്കിയ ജി.എസ്.ടി വിഹിതം ഒടുക്കിയില്ല.

2018-19 വർഷം നടപ്പിലാക്കിയ വിവിധ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയുടെ 18% ജി.എസ്.ടി വിഹിതം ബില്ലുകളിൽ നിന്നും റിക്കവറി ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് (നം.719051400000002)മാറ്റിയിട്ടുണ്ട്. എന്നാൽ അതാതു ബില്ലുകളിൽനിന്നും ഇപ്രകാരം റിക്കവറി ചെയ്ത ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1തീയ്യതി :17-02-2020)മറുപടി ഹാജരാക്കിയിട്ടില്ല. ബില്ലുകളിൽ നിന്നും റിക്കവറി ചെയ്ത് ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങൾ പ്രവൃത്തികളുടെ വിശദാംശങ്ങൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-22 സാന്ത്വന പരിചരണം-രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ

# വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ട് നമ്പർ | 10 |
| പ്രോജക്ടിന്റെ പേര് | സാന്ത്വനപരിചരണം |
| അടങ്കൽ | ₹460000<br>₹ 3,30,000 വികസനഫണ്ട്<br>₹1,30,000 ജില്ലാ പഞ്ചായത്ത് |
| ചെലവ് | ₹449111 |

29.10.2015-ലെ സ.ഉ(സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവിൻപ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നു

ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|
| കെ.പി മമ്മാസൻ | 718806434103 | 111220100063 | 4.02.2019 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് |

| | | | | |
|---|---|---|---|---|
| | | | | ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെൻ്റഡ് ആണ്. |
| കുഞ്ഞിരാമൻ ടി വി | 350511583730 | 111220200165 | 27.01.2019 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെൻ്റഡ് ആണ്. |

ഇത് കൂടാതെ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും നിലവിൽ പെൻഷൻ അനുവദിക്കുന്നുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|
| നാരായണൻ നമ്പ്യാർ | 591214445382 | 111230200381 | 13.09.2018 | മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ പെൻഷനർ ആണ്.4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെൻഷൻ സ്റ്റാറ്റസ് സസ്പെൻ്റഡ് ആണ്. |

അതുപോലെ ഈ പഞ്ചായത്തിൽ നിന്നും പെൻഷൻ കൈപ്പറ്റിയവർ മരണപ്പെടുന്നത് മറ്റ് സ്ഥലങ്ങളിൽ ആണെങ്കിൽ ആവിവരം ഈ പഞ്ചായത്തിൽ അറിയിക്കേണ്ടതായുണ്ട്. ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം പൂർണ്ണമായും നിർവ്വഹിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (18/24.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

ഡെത്ത് രജിസ്റ്ററിലെ ആധാർ നമ്പർ മുഖേന ,മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടേതുൾപ്പെടെ സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

# 1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ഹാജരാക്കിയില്ല .

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടുകൾ | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രോജക്റ്റ് നം | 58 /18-19 |
| അടങ്കൽ | വികസന ഫണ്ട്- ₹62500<br>സംസ്ഥാനാവിഷ്കൃത ഫണ്ട്- ₹62500<br>ഗുണഭോക്തൃ വിഹിതം -₹125000 |
| ആകെ | ₹ 250000 |
| ചെലവ് | വികസന ഫണ്ട്- ₹62500 |
| ബിൽ നമ്പർ | പി എസ് 3/18-19,21-11-18 ₹62500 |

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ₹62500 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് . പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 4-6 മാസം പ്രായമുള്ള 10 കന്നുകുട്ടികൾക്ക് 30 മാസം തികയുന്നതിന് വരെയോ സബ്സിഡി തുക തീരുന്നത് വരെയോ (ഏതാണോ ആദ്യം) കാലിതീറ്റ വിതരണം ചെയ്യുന്നതിനാണ് തുക വകയിരുത്തിയത് . ഗ്രാമ പഞ്ചായത്തിന്റെ 05-11-18 ലെ 112/18(8) തീരുമാന പ്രകാരം കുളിഞ്ഞ ക്ഷീരോൽപാദക സഹകരണ സംഘത്തെയാണ് 10 കന്നുകുട്ടികൾക്കും കാലിത്തീറ്റ സംഭരിച്ച് വിതരണം ചെയ്യുവാൻ തെരഞ്ഞെടുത്തിരിക്കുന്നത് . പദ്ധതി നടത്തിപ്പിനായി മുകളിൽ കൊടുത്ത പ്രകാരം പിൻവലിച്ച തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിൽ നൽകിയതല്ലാതെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/19-02-20 ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കളും പദ്ധതി കാലയളവിൽ തുടരുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ് .

# 1-25 കശുമാവ് തൈ വിതരണം - മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല .

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടുകൾ | കശുമാവ് തൈ വിതരണം |
| പ്രോജക്റ്റ് നം | 18 /18-19 |
| അടങ്കൽ | വികസന ഫണ്ട്- ₹200000 |
| ചെലവ് | വികസന ഫണ്ട്- ₹200000 |
| ബിൽ നമ്പർ | 1/ 2018-19 , 29-11-18 |

ഗ്രാമ പഞ്ചായത്തിൽ കശുമാവ് കൃഷി വിസ്തൃതി വർധിപ്പിക്കുന്നതിന് വേണ്ടി തളിപ്പറമ്പ് ഡിസ്'ട്രിക്ട് അഗ്രികൾച്ചറൽ ഫാമിൽ നിന്നും ഇൻവോയ്സ് നമ്പർ 180 /18-19 , തിയതി-04-10-18പ്രകാരം 5000 കശുമാവിൻ തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് .

സ.ഉ (കൈ) നം.22/2018 തസ്വഭവ .തീയതി 14-02-2018 ലെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ ഖണ്ഡിക 6.1.17 അനുസരിച്ച് കാഷ്യൂ കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രം വികസന ഫണ്ട് വിനിയോഗിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തൈകൾ സൗജന്യമായി വിതരണം ചെയ്യാനില്ല എന്ന് കാഷ്യൂ കോർപ്പറേഷനിൽ നിന്ന് ലഭിച്ച സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/18-02-20 ) കാഷ്യൂ കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല എന്നാണ് ലഭിച്ച

മറുപടി .ഭാവിയിൽ സർക്കാർ നിർദ്ദേശം അനുസരിച്ച് സാക്ഷ്യപത്രം ഹാജരാക്കി മാത്രം പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതാണ്.

## 1-26 വാഴക്കന്ന് വിതരണം -പദ്ധതിയിൽ വിഭാവനം ചെയ്തതിനേക്കാൾ അധികം നൽകി.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടുകൾ | വാഴക്കന്ന് വിതരണം |
| പ്രോജക്റ്റ് നം | 21 /18-19 |
| അടങ്കൽ | വികസന ഫണ്ട്- ₹96000 |
| ചെലവ് | വികസന ഫണ്ട്- ₹96000 |
| ബിൽ നമ്പർ | 3 / 2018-19 , 11-02-19 |

പദ്ധതി പ്രകാരം വ്യക്തികൾ / ഗ്രൂപ്പുകൾക്ക് 10 മുതൽ 50 വരെ വാഴക്കന്നുകൾ 100 % സബ്സിഡിയിൽ നൽകുന്നതിനാണ് വിഭാവനം ചെയ്തത് . മേൽപ്പറഞ്ഞ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും 96000 രൂപ പിൻവലിച്ച് 16 രൂപ നിരക്കിൽ 6000 വാഴക്കന്നുകൾ കാസർഗോഡ് കൃഷി ബിസിനസ്സ് കേന്ദ്ര യിൽ നിന്നും ഇൻവോയ്സ് നമ്പർ കെ എൻ ആർ/18-19 ,തീയതി-10-10-18പ്രകാരം വാങ്ങി 116 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട് . ഇതിൽ 50 ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ വിഭാവനം ചെയ്തതിനേക്കാൾ 5 മുതൽ 100 വാഴക്കന്നുകൾ വരെ അധികം നൽകിയിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട ബാക്കി ഗുണഭോക്താക്കൾക്ക് നൽകാതെ വിതരണം ചെയ്തവർക്ക് ഇപ്രകാരം അധികം നൽകുവാൻ ഉണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/18-02-20) ഗുണഭോക്താക്കൾ വാഴക്കന്നുകൾ കൈപ്പറ്റാൻ ഹാജരാകാത്തതും ലിസ്റ്റിൽ അവശേഷിക്കുന്നവർ ഇതേയിനത്തിൽ ആനുകൂല്യം ലഭിച്ചവരാണോ എന്ന് പരിശോധിക്കാത്തതും കാരണം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്തു എന്ന മറുപടിയാണ് നൽകിയത് . കാർഷിക വിളകളുടെ തൈകൾ, വിത്തുകൾ എന്നിവ പലതും തികച്ചും സൗജന്യമായി ആണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നത് . എന്നാൽ ഇവ കൃഷി ചെയ്തോ എന്നും കാർഷിക വികസനം സാധ്യമായോ എന്നുമുള്ള യാതൊരു വിലയിരുത്തലുകളും പിന്നീട് ഉണ്ടാകുന്നില്ല. കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ പ്രയോജനം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കൃഷി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-27 പദ്ധതി രൂപീകരണം,നിർവ്വഹണം ,മോണിറ്ററിംഗ്- പരസ്യ ചാർജിനത്തിൽ അർഹമായ

# ഡിസ്ക്കൗണ്ട് ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടുകൾ | പദ്ധതി രൂപീകരണം,നിർവ്വഹണം ,മോണിറ്ററിംഗ് |
| പ്രോജക്ട് നം | 7/18-19 |
| അടങ്കൽ | ₹ 200000/-<br>വികസന ഫണ്ട്- ₹ 100000<br>തനത് ഫണ്ട് -₹ 100000 |
| ചെലവ് | ₹ 180732<br>വികസന ഫണ്ട്- ₹ 93396<br>തനത് ഫണ്ട് -₹ 87336 |
| ബിൽ നമ്പർ | 5/18-19 , 31-05-18 ₹ 40100<br>11/18-19 , 23-11-18 ₹ 45904<br>20/18-19 , 13-03-19 ₹ 7392<br>ചെക്ക് നമ്പർ-40554 ,26-12-18 ₹15876<br>ചെക്ക് നമ്പർ- 324586 ,19-01-19 ₹ 18480<br>ചെക്ക് നമ്പർ- 324599 ,12-03-19 ₹52980 |

പദ്ധതി രൂപീകരണം,നിർവ്വഹണം ,മോണിറ്ററിംഗ് എന്ന പ്രോജക്ട് പ്രകാരം മുസ്ലിം പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡിന് ടെണ്ടർ പരസ്യം നൽകിയതിന് ₹ 33726 ഉം , പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കരട് പദ്ധതി രേഖകൾ , വികസന സെമിനാർ നോട്ടീസുകൾ , അന്തിമ പദ്ധതി രേഖകൾ ,അപേക്ഷകൾ എന്നിവ അച്ചടിച്ച വകയിൽ ഡിസൈൻ ഓഫ്സെറ്റ് പ്രസ്സിന് ₹ 116880 ഉം മറ്റ് ചെലവുകളായി ₹30126 ഉൾപ്പെടെ 180732 രൂപ മേൽ ബില്ല് പ്രകാരം നൽകിയിട്ടുണ്ട്. ഇതിൽ ചന്ദ്രിക ദിന പത്രത്തിൽ (മുസ്ലിം പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡിന് ) വിവിധ ദിനങ്ങളിലായി 25872 രൂപയുടെ ടെണ്ടർ പരസ്യം നൽകിയിട്ടുണ്ട് . പി& എ ആർ ഡി യുടെ 04/01/11 ലെ 1/2011 സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്കിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പരസ്യങ്ങൾക്ക് ഇപ്രകാരം ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/18-02-20) ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി

സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . ഭാവിയിൽ പരസ്യനിരക്കിൽ അർഹമായ 15% ഡിസ്കൗണ്ട് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 തുടർ വിദ്യാഭ്യാസ പരിപാടി- രേഖകൾ ലഭ്യമാക്കിയില്ല ₹62950 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റുകൾ | തുടർ വിദ്യാഭ്യാസ പരിപാടി- |
| പ്രോജക്റ്റ് നം | 55/18-19 |
| അടങ്കൽ | ₹ 92250<br>വികസന ഫണ്ട്- ₹ 42250<br>ഗുണഭോക്തൃ വിഹിതം-₹ 50000 |
| ചെലവ് | ₹ 62950<br>വികസന ഫണ്ട്- ₹32225<br>ഗുണഭോക്തൃ വിഹിതം-₹ 30725 |
| ബിൽ നമ്പർ<br>ചെക്ക് നമ്പർ | 5/18-19 , 23-03-19 ₹ 32225<br>325023 , 20-03-19 ₹30725 |

തുടർ വിദ്യാഭാസ പരിപാടി എന്ന പദ്ധതി പ്രകാരം 4,7,10,+1 വിദ്യാർത്ഥികൾക്ക് യോഗ്യത നേടുന്നതിനുള്ള അവസരം ഒരുക്കുകയും തുല്യതാപരീക്ഷ എഴുതിയവർക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്ന .ഇതിനായി പത്താംതരം തുല്യതാപഠനത്തിനുള്ള 17 കുട്ടികൾക്ക് കോഴ്സ് , പാഠപുസ്തക ഫീസായി (@ 925) വികസന ഫണ്ടിൽ നിന്നും 15725 രൂപയും ,+1 തുല്യതാപഠനത്തിനുള്ള 12 കുട്ടികൾക്കുള്ള ഫീസായി (@1250) വികസന ഫണ്ടിൽ നിന്നും 15000 രൂപയും ഏഴാംതരം തുല്യതാപഠനത്തിനുള്ള പാഠപുസ്തക ഫീസായി ₹1500 രൂപ ഉൾപ്പെടെ ആകെ ₹ 32225 വികസന ഫണ്ടിൽ നിന്നും ഗുണഭോകതൃ വിഹിതം ₹ 30725 രൂപയും കേരള സംസ്ഥാന സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. സാക്ഷരതാമിഷനിൽനിന്നുള്ള കൈപ്പറ്റ് രശീത് ലഭ്യമല്ല. പദ്ധതി പ്രകാരം എത്ര കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ടെന്നും എത്ര പേർക്ക് തുല്യതാ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും ഫയലിൽ നിന്നും വ്യക്തമല്ല . കൂടാതെ സ്റ്റേറ്റ് ലിറ്ററസി മിഷനിൽ നിന്ന് പാഠപുസ്തകങ്ങൾ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. മേൽ പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/18-02-20) പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുവാൻ സാക്ഷരതാ പ്രേരക്കിനും രശീതി ലഭ്യമാക്കുവാൻ സംസ്ഥാന സാക്ഷരതാ മിഷനും കത്ത് നൽകിയതായും

ആയത് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതായും മറുപടിയിൽ വിശദീകരിച്ചു . രേഖകളുടെ അഭാവത്തിൽ ₹ 62950 തടസ്സപ്പെടുത്തുന്നു .

## 1-29 ശുചിത്വ മിഷൻ ഫണ്ട് - ചെലവ് രേഖകളുടെ അഭാവത്തിൽ 70000 രൂപ തടസ്സപ്പെടുത്തുന്നു .

പഞ്ചായത്തിലെ 6 വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികൾ നടത്തിയ വകയിൽ ആരോഗ്യ ശുചിത്വ കമ്മിറ്റികൾ ഹാജരാക്കിയ ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും താഴെ കൊടുത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട് . ബാക്കിയുള്ള 7 വാർഡുകൾക്ക് തുക അനുവദിച്ചതിന്റെ വിവരം ലഭ്യമല്ല. പ്രസ്തുത പ്രവർത്തികൾക്കായി ഓരോ വാർഡുകൾക്ക് അനുവദിച്ച ശുചിത്വമിഷൻ ഫണ്ടിന്റെ വിവരം, പ്രവർത്തികൾ നടത്തിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/22-02-20) മറുപടി ലഭ്യമാക്കിയിട്ടില്ല . വിനിയോഗ വിവരം ഹാജരാക്കിയ വാർഡുകളുടെ വിവരം താഴെ കൊടുക്കുന്നു .

| വാർഡ് നമ്പർ | വൌച്ചർ നമ്പർ/ തീയതി | അനുവദിച്ച തുക |
|---|---|---|
| 8 | 21800318,16-08-18 | 10000 |
| 5 | 21800319,16-08-18 | 10000 |
| 2 | 21800320,16-08-18 | 10000 |
| 11 | 21800308,16-08-18 | 10000 |
| 12 | 21800322,16-08-18 | 10000 |
| 13 | 21800323, 16-08-18 | 10000 |

വിനിയോഗ വിവരം ഹാജരാക്കാത്ത 7 വാർഡുകളുടെ ശുചിത്വ മിഷൻ ഫണ്ട് തുകയായ ₹70000 (₹10000 *7) തടസ്സപ്പെടുത്തുന്നു . പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം , ചെലവ് രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ് .

## 1-30 സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് - പ്രീമിയം തുക

# നിശ്ചിത നിരക്കിൽ ഈടാക്കിയില്ല

സംസ്ഥാന ലൈഫ് ഇൻഷൂറൻസ് പദ്ധതിയിൽ ജി.ഒ.(പി)149/2016/ധന തീയതി 04-10-2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാരിൽ നിന്നും വരിസംഖ്യ ഈടാക്കിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|
| 1 | ശ്രീ. ദിനേശ്. പി.പി | ക്ലാർക്ക് | 35700 | 150 | 500 |
| 2 | ശ്രീ.രവീന്ദ്രൻ .കെ.വി | ക്ലർക്ക് | 38500 | 150 | 500 |
| 3 | ശ്രീ. രാജേഷ്.പി.കെ | സീനിയർ ക്ലർക്ക് | 29200 | 150 | 300 |
| 4 | ശ്രീമതി.സുമംഗല | ഹെഡ് ക്ലാർക്ക് | 34800 | 150 | 300 |

സർക്കാർ നിർദ്ദേശ പ്രകാരമുള്ള വരിസംഖ്യ ഈടാക്കാത്തതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 17/22-02-20 ) പട്ടികയിലെ ക്രമ നമ്പർ-1 ,2, 4 ജീവനക്കാർ സർക്കാർ ഉത്തരവിൽ പറയുന്ന പ്രായപരിധി കഴിഞ്ഞവരാണെന്നും ക്രമ നമ്പർ 3 ലെ ശ്രീ. രാജേഷ്.പി.കെ യുടെ പേരിൽ അഡീഷണൽ പോളിസി എടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. സർക്കാർ കാലാകാലം നിശ്ചയിക്കുന്ന നിരക്കിൽ പ്രീമിയം ഒടുക്കി വരുന്നുണ്ടെന്ന് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണ് .

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22-07-19, 25-07-19 | കെ.എസ്. എ .കെ .എൻ. ആർ / സി.14/1333/2019.തീയതി: 14.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട്

# വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2184812 | ലൈഫ് മിഷൻ | 2014833 | 169979 |
| | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 15000 | പാലിന് സബ്സിഡി | 15000 | 0 |
| ജില്ലാ പഞ്ചായത്ത് കണ്ണൂർ | 241900 | ലൈഫ് മിഷൻ | 241900 | 0 |
| | 15000 | പാലിന് സബ്സിഡി | 15000 | 0 |
| | 130000 | പാലിയേറ്റീവ് കെയർ | 130000 | 0 |
| | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 25000 | സുജലം പദ്ധതി | 25000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവർത്തിനടത്തുന്നതിന് 345032/- രൂപയുടെ മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കിതുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസ് | പ്രവർത്തിയുടെ പേര് | വൌച്ചർ / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ നീട്ടൽ | 19/28.02.2019 | 194936 | 194936 | 0 |
| കെ.എസ്.ഇ.ബി | ലൈൻ നീട്ടൽ | 15/10.01.2019 | 150096 | 150096 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 461800/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ - ഹഡ്കോ വായ്പ | Go(MS)68/18 തീ.18.08.2018 | 461800 | 0 | 461800 | 0 | 0 (*) |

(*) വായ്പയുടെ ആവശ്യം ഇല്ലാത്തതിനാൽ 28.03.2019 ന് തുക തിരിച്ചടച്ചു.

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഈ ഇനത്തിൽ വരവ് വന്ന 28,815/- രൂപയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2004/05 | 3.1 | 240 | സെക്രട്ടറി,കീഴല്ലൂർ ഗ്രാമപഞ്ചായത്ത്. (അബ്ദുൾ സലാംഫെസ്റ്റിവൽ അഡ്വാൻസ് | നം.18030500004 തീയ്യതി. 25/6/2018 |
| 2006/07 | 3.1 | 1151 | അശോക് കുമാർ.എസ്,യുഡി.ക്ലർക്ക് | നം.118030103149 തിയ്യതി 19/11/2018 |
| 2017/18 | 2.4 | 1366 | ജബൽ താജ് ഫാമിലി റസ്റ്റോറൻറ് | നം.118030102731 തിയ്യതി 03/10/2018 |
| 2017/18 | 2.4 | 1284 | ജബൽ താജ് ഫാമിലി റസ്റ്റോറൻറ് | നം.118030102732 തിയ്യതി 03/10/2018 |
| 2017/18 | 2.4 | 2124 | ഹിജാസ് സൂപ്പർ മാർക്കറ്റ്,പെരുവളത്ത് പറമ്പ് | നം.118030102443 തിയ്യതി 26/09/2018 |
| 2017/18 | 2.4 | 840 | സഫാ ഫാസ്റ്റ് ഫുഡ്,നിയർ | നം.118030103394 |

| | | | | |
|---|---|---|---|---|
| | | | പാലം,ഇരിക്കൂർ | തിയ്യതി 15/12/2018 |
| 2017/18 | 2.4 | 792 | സഫാ ഫാസ്റ്റ് ഫുഡ്,നിയർ പാലം,ഇരിക്കൂർ | നം.118030103395 തിയ്യതി 15/12/2018 |
| 2017/18 | 2.4 | 1632 | സഫാ ഫാസ്റ്റ് ഫുഡ്,നിയർ പാലം,ഇരിക്കൂർ | നം.118030103396 തിയ്യതി 15/12/2018 |
| 2017/18/ | 2.4 | 807 | ബി.എസ്.പി ഫിഷ് മാർക്കറ്റ്,ഇരിക്കൂർ | നം.118030103202 തിയ്യതി 27/11/202018( |
| 2017/18 | 2.4 | 1345 | ഹോട്ടൽ പോപ്പിൻസ് ,ഇരിക്കൂർ | നം.118030103214 തിയ്യതി 27/11/202018 |
| 2017/18 | 2.4 | 459 | മാസ് ഹൈപ്പർ മാർക്കറ്റ്,ഇരിക്കൂർ | നം.118030103387 തിയ്യതി 15/12/202018 |
| 2017/18 | 2.4 | 1301 | കല്ല്യാൺ ജ്വല്ലേർസ് ,ഇരിക്കൂർ | നം.118030105344 തിയ്യതി 30/03/2019 |
| 2017/18 | 2.4 | 1475 | കല്ല്യാൺ ജ്വല്ലേർസ് ,ഇരിക്കൂർ | നം.118030105345 തിയ്യതി 30/03/2019 |
| *2017/18 | 3.2 | 13999 | കമലാക്ഷി,ഐെ.സിഡി.എസ് സൂപ്പർവൈസർ | ട്രഷറി- ഹെഡ്-360-400-911-99 എൻ.പി എന്ന ഹെഡിൽ- ചെലാൻ നം KL 005471244201819 M .31/8/2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
| 2007-08 | 3-13 | 2012-13 | 2-7 | നിഷ്ക്രിയ ആസ്തിയായി മാറിയ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം | നിലവിൽ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിലെ മുഴുവൻ മുറികളിലും സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38941922 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38406704 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 145700 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

## ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 12750 | ശ്രീ.എ.പി.ഗോപി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 62950 | ശ്രീ.രതീഷ് .ജി.പി,സെക്രട്ടറി |
| 1-29 | 70000 | ശ്രീ.രതീഷ് ജി.പി, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രതീഷ് .ജി.പി,സെക്രട്ടറി | സെക്രട്ടറി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | ഭഗവതി വില്ല, ചാലവെസ്റ്റ്,തോട്ടട(പി.ഒ)-670007 |
| ശ്രീ.എ.പി.ഗോപി, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ച | അപ്ളിയിൽ, പടിയൂർ(പി.ഒ), പുളിക്കാട് .കണ്ണൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 3 |
| 2000-01(പ.വി) | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 2 |
| 2002-03 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 7 |
| 2003-04 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 5 |
| 2004-05 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 8 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ.സി | 1 |

| | | |
|---|---|---|
| | 4/829/19തീ.05.09.2019 | |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 2 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 4 |
| 2008-09 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 3 |
| 2009-10 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 4 |
| 2010-11, 2011-12 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 1 |
| 2012-13, 2013-14 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 20 |
| 2014-15 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 8 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 9 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി 4/829/19തീ.05.09.2019 | 9 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ.സി 4/1539/18തീ.15.10.2018 | 1 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.4/187/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 28.05.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Irikkur Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | | | |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5466979.00 |
| Cash | Cash | RP-40(a) | 120508.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1326380.00 |
| 130000000 | Rental income from Panchayat Properties | RP-3 | 19850.00 |
| 140000000 | Fees & User Charges | RP-4 | 1133755.00 |
| 150000000 | Sale & Hire Charges | RP-5 | 101056.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 23670763.00 |
| 171000000 | Interest Earned | RP-9 | 140871.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4886568.00 |
| 350000000 | Other Liabilities | RP-36 | 107257.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1391.00 |
| 311000000 | Earmarked Funds | RP-29 | 5072.00 |
| 330000000 | Secured Loans | RP-32 | 461800.00 |
| 340000000 | Deposits Received | RP-34 | 27309.00 |
| 350000000 | Other Liabilities | RP-36 | 2506877.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4546973.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 44529409.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3357019.00 |
| 220000000 | Administrative Expenses | RP-12 | 798410.00 |
| 230000000 | Operations & Maintenance | RP-13 | 665280.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1728381.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8642234.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 388646.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 20225.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 561760.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 3651615.00 |
| 280000000 | Prior Period item | RP-26 | 224124.00 |
| 350000000 | Other Liabilities | RP-36 | 5337601.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1838.00 |
| 280000000 | Prior Period Item | RP-26 | -2500.00 |
| 330000000 | Secured Loans | RP-32 | 461800.00 |
| 340000000 | Deposits Received | RP-34 | 7085.00 |
| 350000000 | Other Liabilities | RP-36 | 4538348.00 |
| 410000000 | Fixed Assets | RP-38 | 572803.00 |
| 412000000 | Capital work in Progress | RP-40 | 6674136.00 |
| 460000000 | Loans, Advances and Deposits | RP-47 | 777899.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6069172.00 |
| Cash | Cash | RP-40(b) | 53533.00 |
| | Grand Total | | 44529409.00 |

## അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Irikkur Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4648471.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 102902.00 |
| 140000000 | Fee & User Charges | I-4(b) | 1411155.00 |
| 150000000 | Sale & Hire Charges | I-5(b) | 101056.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 58419156.00 |
| 171000000 | Interest Earned | I-8 | 140871.00 |
| 180000000 | Other Income | I-9 | 1391.00 |
| | Total Income | | 64825002.00 |
| | | | |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9722674.00 |
| 220000000 | Administrative Expenses | I-11(b) | 842280.00 |
| 230000000 | Operations & Maintenance | I-12(b) | 665280.00 |
| 240000000 | Interest & Finance Charges | I-13 | 1838.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2978381.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18816261.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 388646.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 20225.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 20408860.00 |
| 255000000 | Maintenance Projects | I-14(e) | 3651615.00 |
| 270000000 | Provisions and Write off | I-16 | 1334.00 |
| 272000000 | Depreciation | I-17(a) | 4998990.00 |
| | Total Expenditure | | 62496384.00 |
| | Gross Surplus/ Deficit of income over Expenditure | | 2328618.00 |
| 280000000 | Prior Period Item | I-18 | -1425701.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3754319.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Irikkur Grama Panchayat BALANCE SHEET | | | |
| As on 31st March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -8651552.00 |
| 311000000 | Earmarked Funds - Special Funds/Sinking | B-2 | 10421.00 |

| | | | |
|---|---|---|---|
| | Fund/Trust or Agency Fund | | |
| 312000000 | Reserves | B-3 | 34303782.00 |
| | Total Reserve & Surplus | | 25662651.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2094810.00 |
| | Total Grants, Contributions for Specific Purposes | | 2094810.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 267699.00 |
| 350000000 | Other Liabilities | B-9 | 940503.00 |
| | Total Current Liabilities and Provisions | | 1208202.00 |
| | TOTAL LIABILITIES | | 28965663.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 33583693.00 |
| 411000000 | Accumulated Depreciation | B-11 | -13376430.00 |
| 412000000 | Capital Work in Progress | B-11(a) | 1067972.00 |
| | Total Fixed Assets | | 21275235.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 911691.00 |
| 450000000 | Cash and Bank Balance | B-17 | 6122705.00 |
| 460000000 | Loans, Advances and Deposits | B-18 | 656032.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.